LIBRARY ARCHIVES Kerala Legislative Assembly

ബാർ കോഴക്കേസ്

162(5751) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. എ. പ്രദീപ് കുമാർ :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഷൻലാലിയും സ്റ്റേറ്റ് ഓഫ് ഗുജറാത്തും തമ്മിലുള്ള കേസിൽ സുപ്രീംകോടതി, ക്രിമിനൽ കേസുകൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാർ പാലിക്കേണ്ടതായ നിബന്ധനകളെ സംബന്ധിച്ച് വ്യക്തമാക്കപ്പെട്ടിട്ടുള്ളത് അറിയാമോ ; ഈ വിധിയുടെ പകർപ്പ് ആഭ്യന്തര വകുപ്പിനും, അയച്ചു കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ബാർ കോഴക്കേസ്സിന്റെ അന്വേഷണത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത നിബന്ധനകളെക്കുറിച്ച് വ്യക്തമാക്കപ്പെട്ടിട്ടുള്ളത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ അന്വേഷണ ഉദ്യോഗസ്ഥർക്ക് അറിവുള്ളതാണ്. പ്രസ്തുത വിധിയുടെ പകർപ്പ് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ട്..

(ബി) ടി വിധിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഈ കേസ്സിൽ അന്വേഷണം നടത്തിയിട്ടുള്ളത്.

ഓപ്പറേഷൻ അഴിമതി

163(5752) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കാരായ ഉന്നത ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് ഓപ്പറേഷൻ അഴിമതി എന്ന പേരിൽ റെയ്ഡ് നടത്തുന്നതിന് വിജിലൻസ് തീരുമാനമെടുത്തിരുന്നോ ;

(ബി) ഇതിനായി വിജിലൻസ് അനുമതി ആവശ്യപ്പെട്ടിരുന്നോ ; അനുമതി ലഭ്യമാക്കിയിരുന്നോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഇത്തരത്തിലുള്ള എത്ര റെയ്ഡുകൾ ഇതുവരെ നടത്തിയെന്ന് വ്യക്തമാക്കാമോ ?